നം.എ3/10400/2023

ജില്ലാ ആശുപത്രി
ജില്ലാമാനസികാരോഗ്യ പരിപാടി
കൊല്ലം, തീയതി. 02/08/2023

## ടെൻഡർ നോട്ടീസ്

കേരള സർക്കാരിന്റെ ആരോഗ്യവകുപ്പിന്റെ നീയന്ത്രണത്തിലുള്ള കോംപ്രഹെൻസീവ് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ആരംഭിച്ചിരിക്കുന്ന പകൽവീട് പദ്ധതിയിലേക്ക് ( വള്ളിക്കാവ് ) മാനസിക രോഗികളെ റിഹാബിലിറ്റേഷൻ സെന്ററിൽ കൊണ്ടുവരുന്നതിനും തിരികെ അവരവരുടെ വീടുകളിൽ കൊണ്ടുപോകുന്നതിനും വേണ്ടി ) 2023 സെപ്റ്റംബർ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക് താഴെ പറയുന്ന നിബന്ധനകളോട് കൂടി വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ളവരിൽ നിന്ന് **ടെൻഡർ** ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| | അടങ്കൽ തുക (ഒരു പകൽവീടിന്) | രൂപ 350000 |
| 1 | നിരത ദ്രവ്യം | 3500/- |
| 2 | ദർഘാസ് ഫോമിന്റെ വില | 700/- രൂപ +നികുതി |
| 3 | ദർഘാസ് വില്പന ആരംഭിക്കുന്ന തീയതി | 03/08/2023 പകൽ 10.30 മണി |
| 4 | ദർഘാസ് സമർപ്പണം ആരംഭിക്കുന്ന തീയതി | 03/08/2023 പകൽ 11.00 മണി |
| 5 | ദർഘാസ് വിൽക്കുന്ന അവസാന തീയതി | 21/08/2023 പകൽ 2 മണി |
| 6 | ദർഘാസ് സമർപ്പിക്കുന്ന അവസാന തീയതി | 21/08/2023 പകൽ 3 മണി |
| 7 | ദർഘാസ് തുറക്കുന്ന തീയതി | 22/08/2023 പകൽ 12.00 മണി |

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ - 0474 - 2740166 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

സൂപ്രണ്ട്
ജില്ലാ ആശുപത്രി, കൊല്ലം

A.A. RAHIM MEMMORIAL DISTRICT HOSPITAL KOLLAM-691001 PH. No. 0474-2742004

പകർപ്പ്

1 ഡയറക്ടർ, ഇൻഫർമേഷൻസ് & പബ്ളിക് റിലേഷൻസ് വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
2 നോട്ടീസ് ബോർഡ് ജില്ലാ മെഡിക്കലാഫീസ് ,കൊല്ലം
3 നോട്ടീസ് ബോർഡ് കളക്ട്രേറ്റ്, കൊല്ലം
4 നോട്ടീസ് ബോർഡ് ജില്ലാ ആശുപത്രി
5 നോട്ടീസ് ബോർഡ് വിക്ടോറിയ ആശുപത്രി
6 നോട്ടീസ് ബോർഡ് , ജില്ലാ പഞ്ചായത്ത് ,കൊല്ലം
7 നോട്ടീസ് ബോർഡ് , താലൂക്ക് ഓഫീസ് ,കൊല്ലം
8 നോട്ടീസ് ബോർഡ് , വില്ലേജ് ഓഫീസ് ,കൊല്ലം
8 നോട്ടീസ് ബോർഡ് , കെ.എസ്.ആർ.ടി.സി സ്റ്റാൻഡ്

<u>വാഹന ദർഘാസ്</u>

<u>നിബന്ധനകൾ</u>

1 വാഹനം -11 പേർക്ക് ഇരുന്ന് യാത്ര ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കണം.

2 വാഹനം 2018 ന് ശേഷം നിർമ്മിതമായിരിക്കണം (തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ കോപ്പി ഹാജരാക്കേണ്ടതാണ്) വാഹനം രജിസ്റ്റർ ചെയ്തിരിക്കുന്ന വ്യക്തിയുടെ പേരിൽ തന്നെ ദർഘാസ് സമർപ്പിക്കേണ്ടതാണ്. . (തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ കോപ്പി ഹാജരാക്കേണ്ടതാണ്)

3 ടി പ്രോജക്ട്മായി ബന്ധപ്പെട്ട് വാഹനം പ്രതിമാസം ഏകദേശം 2000 കി.മി യാത്ര ചെയ്യേണ്ടതും ആവശ്യാനുസരണം അധിക യാത്ര ചെയ്യേണ്ടി വന്നാൽ മുൻകൂർ അനുവാദത്തോട് കൂടി യാത്ര ചെയ്യേണ്ടതും അധിക യാത്ര ചെയ്യേണ്ടി വരുന്ന ദൂരത്തിന് കിലോ മീറ്റർ നിരക്കും പ്രത്യേകമായി ദർഘാസിൽ കാണിക്കേണ്ടതാണ്.

4 കോൺട്രാക്ട് കാലയളവിൽ വാഹനത്തിന്റെ വാടക പുതുക്കി നൽകുന്നതല്ല.

5 എല്ലാ ദിവസവും വാഹനം രോഗികകളെ റി ഹാബിലിറ്റേഷൻ സെന്ററിൽ എത്തിക്കുകയും തിരികെ അവരവരുടെ വീടുകളിൽ കൊണ്ടാക്കേണ്ടതും ആവശ്യാനുസരണം ഉപയോഗത്തിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

6 എല്ലാ ദിവസവും ടി പ്രോജക്ടിന് വേണ്ടി യാത്ര തുടരുന്നതും അവസാനിക്കുന്നതുമായ കിലോമീറ്ററിന്റെ വിശദ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും രജിസ്റ്ററിൽ ഒപ്പ് ശേഖരിക്കേണ്ടതുമാണ്.

7 വാഹനത്തിന്റെ പ്രതിമാസവാടകയല്ലാതെ വാഹനത്തിന്റെ യാതൊരു ബാധ്യതയും ഈ സ്ഥാപനം ഏറ്റെടുക്കുന്നതല്ല.

8 ടെൻഡർ അംഗീകരിക്കുന്നവ്യക്തി പെർഫോമൻസ് സെക്യൂരിറ്റി ഹാജരാക്കണം.

ദർഘാസ് ഫാറത്തിനുവേണ്ടി ഒടുക്കുന്ന തുക യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല.

ദർഘാസ് വ്യവസ്ഥയിലെ വകുപ്പുകൾ അനുസരിച്ചുള്ള ആദായ നികുതി, വിൽപ്പന നികുതി(VAT) എന്നിവയുടെ ക്ലീയറൻസ് സർട്ടിഫിക്കറ്റുകളും സ്റ്റോർ പർചെയ്സ് റൂളിൽ ടെൻഡറിനെക്കുറിച്ചുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പിട്ടതും ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ദർഘാസ് സംബന്ധിച്ച ഗവൺമെന്റിന്റെ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും. ദർഘാസിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൊല്ലം ജില്ലാ ആശുപത്രി, ജില്ലാ മാനസികാരോഗ്യപദ്ധതി ആഫീസിൽ നിന്നും ആഫീസ് സമയത്ത് ലഭിക്കുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള അധികാരം, സൂപ്രണ്ട് ജില്ലാ ആശുപത്രി യ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

സൂപ്രണ്ട്
ജില്ലാ ആശുപത്രി, കൊല്ലം